**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2041** **18.07.2016- ൽ മറുപടിക്ക്**

**റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, കെ.എസ് ശബരീനാഥൻ<br>,, അൻവർ സാദത്ത്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിലും പെട്ട 5000-ത്തോളം കി.മി. റോഡുകളിൽ പഠനം നടത്തി തെരഞ്ഞെടുക്കപ്പെട്ട 1100 കി.മി. റോഡുകൾ സമഗ്രമായി വികസിപ്പിച്ച് ഒരു റോഡ് ശൃംഖല രൂപപ്പെടുത്താൻ വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് -SRIP). ഈ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച സ്ഥാപനമാണ് (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്. 06.12.2012-ലെ സ.ഉ (എം.എസ്) നം. 91/2012/പൊ.മ.വ പ്രകാരം റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ, എന്നീ രണ്ടു പാക്കേജുകളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുണ്ടായിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റോഡുകൾ ശാസ്ത്രീയമായി പുനർ നിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 469 കി.മി. |

റോഡുകൾ ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന റീഹാബിലിറ്റേഷൻ പാക്കേജിലും, വീതി കൂട്ടുന്നതിനും, വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ ഇംപ്രൂവ്മെന്റിനായി അത്യാവശ്യം ഭൂമി ഏറ്റെടുക്കൽ വേണ്ടി വരുന്ന 621 കി.മി. റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അനുയോജ്യമായ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ റോഡുകൾ നവീകരിക്കുന്നതിനാണ് അപ്ഗ്രഡേഷൻ പാക്കേജിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ?

(സി) ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽപ്പെട്ട 106.2 കി.മി. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ റോഡുകൾ രണ്ടു പാക്കേജുകളായി (പാക്കേജ്-എ, പാക്കേജ്-ബി) പി.പി.പി / ആന്യുറ്റി രീതിയിൽ 13 വർഷത്തെ തുടർ പരിപാലന വ്യവസ്ഥയോടെ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. പിന്നീട് ഇതിൽ വരുന്ന 23 കി.മി. നീളം വരുന്ന ചൊവ്വ -മട്ടന്നൂർ റോഡ് നാഷണൽ ഹൈവേ ഏറ്റെടുക്കാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 83 കി.മി. റോഡുകൾ പാക്കേജ്-എ (മോഡിഫൈഡ്), പാക്കേജ്-ബി എന്നീ രണ്ടു പാക്കേജുകളായി കൺസെഷൻ എഗ്രിമെന്റ് വയ്ക്കുകയുണ്ടായി. ഫിനാൻഷ്യൽ ക്ലോഷർ തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ആഗസ്റ്റ് അവസാനത്തോടെ പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ